**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **31-08-2022 - ൽ മറുപടിയ്ക്ക്**

**മാനസിക സംഘർഷം കുറയ്ക്കാൻ കൗൺസലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്നവർ, ആത്മഹത്യാ പ്രവണത പ്രകടിപ്പിക്കുന്നവർ തുടങ്ങിയവർക്ക് കൗൺസലിംഗ് നൽകുന്നതിനും, അവരെ ആരോഗ്യകരമായ ജീവിതത്തിലേക്ക് നയിക്കുന്നതിനും വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (എ) | ആത്മഹത്യാ പ്രവണതയുള്ളവരെ ജീവിത യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്താനും ആത്മഹത്യകൾ നിയന്ത്രിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് കോഴിക്കോട് IMHANS-ന്റെ സഹകരണത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെൽപ്പ് ലൈൻ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. പെട്ടെന്നുള്ളതും ഫലപ്രദവുമായ ശാസ്ത്രീയ ഇടപെടലിലൂടെ ആത്മഹത്യകളുടെ തോത് കുറയ്ക്കുകയെന്നതാണ് ഈ പ്രോജക്ടിന്റെ ആത്യന്തിക ലക്ഷ്യം.<br><br>സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിലെ ആത്മഹത്യ പ്രവണത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ Peer Support Program വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ട്രാൻസ് വ്യക്തികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കൗൺസിലിംഗ് ഉൾപ്പെടെയുള്ള പരിശീലനം നൽകി കമ്മ്യൂണിറ്റിയിലെ ആത്മഹത്യ പ്രവണതയുള്ളവർക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യ പടിയായി 30 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലുമായി ബന്ധപ്പെടുന്നവരിൽ മാനസിക പിന്തുണയും കൗൺസിലിങ്ങും ആവശ്യമുള്ളവർക്ക് അതത് ജില്ലകളിലെ പരിശീലനം കഴിഞ്ഞ വ്യക്തികൾ മുഖേന സേവനം നൽകി വരുന്നുണ്ട്. ഈ വർഷം പുതിയ ഗ്രൂപ്പിന് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ